12546
22/4/19

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലയിൽ റൂബി ബെഞ്ചമിൻ എന്ന കുട്ടിക്ക്, സഹപാഠി കല്ലെടുത്തെറിഞ്ഞതുമൂലം കാഴ്ച നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് സ്ഥിര നിക്ഷേപമായി അനുവദിച്ച 2 ലക്ഷം രൂപയിൽ നിന്നും അൻപതിനായിരം രൂപ പിൻവലിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ (സാധാ) നമ്പർ : **1943/2019/റവ.** തിരുവനന്തപുരം, തീയതി, **16.07.2019.**

==========================================

പരാമർശം:-
1. ബഹു. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 10.06.2016-ലെ CRMP നം. 6013/04/LA1/2015/KESCPCR എന്ന നമ്പർ ഉത്തരവ്.
2. ശ്രീമതി. അൽഫോൺസ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 13.11.2018-ലെ അപേക്ഷ.
3. സ.ഉ. (സാധാ) നം. 4854/2018/റവ, തീയതി, 23.11.2018.
4. ശ്രീമതി. റൂബി ബെഞ്ചമിൻ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 06.06.2019-ലെ അപേക്ഷ.
5. ആലപ്പുഴ ജില്ലാ കളക്ടറുടെ 12.06.2019-ലെ എൻ.6-20049/2019 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നത്തെ ഹൈസ്കൂളിൽ പ്ലസ് ടു ക്ലാസ്സിലെ വിദ്യാർത്ഥിനിയായ റൂബി ബെഞ്ചമിൻ എന്ന കുട്ടിയെ സഹപാഠിയായ മുഹമ്മദ് സാബിർ കല്ലെടുത്തെറിഞ്ഞത് മൂലം കണ്ണിന് പരിക്ക് പറ്റുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്തു.

2. കാഴ്ച നഷ്ടപ്പെട്ട കുട്ടിക്കുവേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ ഫയൽ ചെയ്ത കേസിൽ, വിക്റ്റിം കോമ്പൻസേഷൻ ആക്ട് പ്രകാരം കുട്ടിക്ക് 3 ലക്ഷം രൂപ നൽകാൻ പരാമർശം (1) പ്രകാരം ഉത്തരവാകുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ കുട്ടിക്ക് അനുവദിക്കുകയുമുണ്ടായി. എന്നാൽ ബാലാവകാശ കമ്മീഷൻ 3 ലക്ഷം രൂപയാണ് വിധിച്ചതെന്നും രണ്ട് ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും പരാമർശം 2 പ്രകാരം കുട്ടിയുടെ രക്ഷിതാവ് അഭ്യർത്ഥിച്ചതിനെ തുടർന്ന് കുമാരി റൂബി ബെഞ്ചമിൻ എന്ന കുട്ടിക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ കൂടി അനുവദിക്കുവാനും പ്രസ്തുത തുക കൂടുതൽ പ്രതിമാസ പലിശ ലഭിക്കുന്നതരത്തിൽ ദീർഘകാല ഡെപ്പോസിറ്റായി (ആദ്യ ഘട്ടത്തിൽ 10 വർഷത്തേയ്ക്കും തുടർന്നുള്ള കാലയളവ് സാഹചര്യം വിലയിരുത്തി തഹസിൽദാർക്ക് ഉചിതമായ തീരുമാനം എടുക്കാം എന്ന വ്യവസ്ഥയിലും) തഹസിൽദാറുടെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാനും പൊതുമേഖലാ ബാങ്കിലോ പോസ്റ്റോഫീസിലോ പ്രാഥമിക സഹകരണ ബാങ്കിലോ നിക്ഷേപിച്ച് പ്രതിമാസ പലിശ കുമാരി റൂബി ബെഞ്ചമിൻ എന്ന കുട്ടിക്ക് ലഭ്യമാക്കുവാനും ചേർത്തല തഹസിൽദാർക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം ഉത്തരവായി.

3. എന്നാൽ അപേക്ഷകയുടെ തുടർചികിൽസയ്ക്കും പഠനത്തിനുമായി അനുവദിച്ച ടി തുക ഇപ്പോൾ ലഭിക്കാതെ പത്തു വർഷത്തിനു ശേഷമോ ഇതിന്റെ പലിശയായി കിട്ടുന്ന തുച്ഛമായ സംഖ്യയോ ടിയാളുടെ ചികിൽസയ്ക്കോ പഠനത്തിനോ പ്രയോജനപ്പെടുകയില്ലെന്നും പകരം ഗഡുക്കളായെങ്കിലും ടി തുക അനുവദിച്ചു കിട്ടിയാൽ പഠനത്തിനും ചികിൽസക്കും പ്രയോജനകരമായിത്തീരുമെന്നും അപേക്ഷക പരാമർശം (4) പ്രകാരം അപേക്ഷിച്ചു. അപേക്ഷകയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ടി തുക ഗഡുക്കളായെങ്കിലും അനുവദിക്കണമെന്നുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ഉത്തരവുണ്ടാകണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം അനുവദിച്ച 2 ലക്ഷം രൂപയിൽ നിന്നും 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ പിൻവലിച്ച് കുമാരി. റൂബി ബഞ്ചമിന് നൽകുന്നതിന് ചേർത്തല തഹസിൽദാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

കുമാരി റൂബി ബഞ്ചമിൻ, D/o ശ്രീമതി. ഐഡാമ്മ,
കൊല്ലാറ ഹൗസ്, അർത്തുങ്കൽ പി.ഒ., ചേർത്തല,
ആലപ്പുഴ, പിൻ - 688 530.

ജില്ലാ കളക്ടർ, ആലപ്പുഴ

തഹസിൽദാർ, ചേർത്തല

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.